നം.എസ്4/11180/2010
പോലീസ് ആസ്ഥാനം,
കേരളം, തിരുവനന്തപുരം

തീയതി : 01/03/2011

## സർക്കുലർ നം: 05/2011

വിഷയം: 2010–ലെ കേരളാ പോലീസ് ആക്റ്റ് (2011–ലെ 8–ാം ആക്റ്റ്) – സംബന്ധിച്ച്

സൂചന: കേരള സർക്കാർ (നിയമനിർമ്മാണ– ഇ) വകുപ്പ് വിജ്ഞാപനം
നമ്പർ 4448/ലെഗ്.ഇ1/2010/നിയമം, തീയതി 2011 ജനുവരി 31.

കേരള സംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും നിയന്ത്രണവും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടിയുള്ള 2010–ലെ കേരള പോലീസ് ആക്റ്റ് (2011–ലെ 8–ാം ആക്റ്റ്) പൊതുജനങ്ങളുടെ അറിവിലേയ്ക്കായി സൂചനയിലെ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാഷ്ട്രത്തിന്റെ അഖണ്ഡതയും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും, ഓരോ പൗരന്റെയും ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും അന്തസ്സിനും മനുഷ്യാവകാശങ്ങൾക്കും ഭരണഘടനാനുസൃതമായ പരിഗണന നല്കി യഥാവിധിയുള്ള സുതാര്യതയോടുകൂടി നിയമവാഴ്ച ഉറപ്പാക്കുന്നതിനും തൊഴിൽ വൈദഗ്ദ്ധ്യമുള്ളതും പരിശീലിക്കപ്പെട്ടതും നൈപുണ്യവും അച്ചടക്കവും അർപ്പണ ബോധവും ഉള്ളതുമായ ഒരു പോലീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും, മതിയായതും വ്യവസ്ഥാപിതവുമായ അധികാരങ്ങളും ഉത്തരവാദിത്വവും നല്കി പോലീസിനെ കാര്യക്ഷമതയോടുകൂടി അധികാരങ്ങൾ വിനിയോഗിക്കുവാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും പ്രാപ്തരാക്കേണ്ടതും, ആധുനിക ജനാധിപത്യസമൂഹത്തിന് അനുയോജ്യമായി പ്രവർത്തിക്കുന്നതും ജനസൗഹാർദ്ദവും ക്രമസമാധാനവും നിലനിറുത്തുന്നതുമായ ഒരു പോലീസ് സംവിധാനം വേണ്ടതിനാലും പോലീസിൽ നിക്ഷിപ്തമായ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്നില്ല എന്നും പോലീസിന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ നിയന്ത്രണങ്ങൾക്ക് വിധേയമാണെന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതവുമായതിനാലാണ് 2010–ലെ കേരളാ പോലീസ് ആക്റ്റിന് കേരള നിയമസഭ അംഗീകാരം കൊടുത്തിട്ടുള്ളത്.

കേരളാ പോലീസിലെ ഓരോ അംഗവും പ്രസ്തുത നിയമം വായിച്ചറിയേണ്ടതും നിയമം നടപ്പാക്കുവാൻ പ്രവർത്തിക്കേണ്ടതുമാണ്.

എല്ലാ യൂണിറ്റ് മേധാവികളും തങ്ങളുടെ കീഴിലുള്ള ഓരോ പോലീസ് ഉദ്യോഗസ്ഥനും പ്രസ്തുത നിയമത്തെക്കുറിച്ച് അവബോധമുണ്ടാക്കേണ്ടതും അവർ ഈ നിയമത്തിനനുസൃതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുണ്ടേതുമാണ്.

ഐ.ജി.പി. (എസ്.സി.ആർ.ബി) നിയമത്തിൻെറ ഒരു കോപ്പി കേരളാ പോലീസിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**സംസ്ഥാന പോലീസ് മേധാവി**

ലിസ്റ്റ് ബിയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

പകർപ്പ് : പോലീസ് ആസ്ഥാനത്തെ എല്ലാ സി.എമാർക്കും
: സീനിയർ എഫ്.ഒ, എ.ഒ, മാനേജർ, ലീഗൽ അസിസ്റ്റന്റ്,
: എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും
: പോലീസ് ഇൻഫർമേഷൻ സെന്റർ, ഓപ്പറേഷൻ സെൽ
: റിക്കാർഡ്സ്, സ്റ്റോക്ക് ഫയൽ

CA to DGP 117